# കാരുണ്യം തേടേണ്ട രാപ്പകലുകൾ

അബൂദർറ് എടയൂർ

عَنْ أَبِي هُرَيْرَةَ، قَالَ: قَالَ رَسُولُ اللهِ ﷺ : "لَنْ يُدْخِلَ أَحَدًا مِنْكُمْ عَمَلُهُ الْجَنَّةَ" قَالُوا: وَلاَ أَنْتَ يَارَسُولَ اللهِ؟ قَالَ: وَلاَ أَنَا، إِلاَّ أَنْ يَتَغَمَّدَنِي اللهُ مِنْهُ بِفَضْلٍ وَرَحْمَةٍ

**അബൂഹുറയ്റയിൽ (റ) നിന്ന് നിവേദനം: നബി(സ) പറഞ്ഞു: "നിങ്ങളിലൊരാളെയും അവന്റെ കർമം സ്വർഗത്തിൽ പ്രവേശിപ്പിക്കുകയില്ല. സ്വഹാബികൾ ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേ താങ്കളുടെ കാര്യവും അങ്ങനെത്തന്നെയാണോ? അവിടുന്ന് പറഞ്ഞു: ഞാനും പ്രവേശിക്കില്ല; അല്ലാഹു തന്റെ ഔദാര്യവും കാരുണ്യവും കൊണ്ട് എന്നെ വലയം ചെയ്താലല്ലാതെ" (അഹ്മദ്).**

നാമെല്ലാം സ്വർഗം കിനാവ് കാണുന്നവരാണ്. അത് സാക്ഷാൽകൃതമാവാനാണ് പിശാചിന്റെ മായികവലയത്തിൽ നിന്ന് രക്ഷപ്പെടാനും സൽകർമങ്ങൾ നിർവഹിക്കാനും നാം ജാഗ്രത പാലിക്കുന്നത്. എന്നാൽ മുഹമ്മദ് നബി(സ)ക്ക് പോലും അദ്ദേഹത്തിന്റെ കർമങ്ങൾ കൊണ്ട് മാത്രം സ്വർഗത്തിൽ പ്രവേശിക്കാൻ കഴിയില്ലെന്ന് ഈ ഹദീസ് വ്യക്തമാക്കുന്നു. നബിതിരുമേനിയുമായി താരതമ്യം ചെയ്യുമ്പോൾ ആരാധനകളുടെ നിഷ്ഠയിലും നിർവഹണത്തിലും സൽകർമങ്ങളുടെ കാര്യത്തിലുള്ള മത്സരത്തിലും നാം ബഹുദൂരം പിറകിലാണ്. അങ്ങനെയെങ്കിൽ ഈ തിരുവചനം തന്നെ മതി സത്യവിശ്വാസികളെ അസ്വസ്ഥരാക്കാൻ. അതേസമയം അത് നമ്മെ നിരാശരാക്കുന്നില്ല എന്നതാണ് യാഥാർഥ്യം.

ഇഹലോകത്ത് അല്ലാഹു നൽകിയ അനുഗ്രഹങ്ങൾക്ക് അർഹമായ രൂപത്തിൽ നന്ദി രേഖപ്പെടുത്താൻ നമുക്കാവില്ല. നാം ചെയ്യുന്ന സൽകർമങ്ങൾ എല്ലാം കൂട്ടിവെച്ചാലും ഒരു കണ്ണിനു പകരം പോലുമാവില്ല അത്. അതിനാൽ നമ്മുടെ കർമങ്ങളിൽ ഊറ്റം കൊള്ളാൻ നമുക്ക് അവകാശമില്ല എന്ന് ഈ ഹദീസ് നമ്മെ ഉദ്ബോധിപ്പിക്കുന്നു.

അല്ലാഹുവിന്റെ കാരുണ്യം നേടിയെടുക്കുക മാത്രമാണ് സ്വർഗപ്രവേശനത്തിനുള്ള പോംവഴി. അത് നേടാനുള്ള ശ്രമങ്ങളുടെ ഭാഗമാണ് നമ്മുടെ ഇബാദത്തുകളും സൽകർമങ്ങളും. നമ്മുടെ വീഴ്ചകൾക്ക് മാപ്പ് നൽകാനും പാപങ്ങൾ പൊറുക്കാനും അപേക്ഷിക്കുന്നതോടൊപ്പം കാരുണ്യം കൂടി യാചിക്കുന്നതും ആദ്യത്തെ രണ്ടും സാധിച്ചാലും സ്വർഗപ്രവേശം ഉറപ്പിക്കാൻ പറ്റില്ല എന്നതുകൊണ്ടാണ്.

അല്ലാഹുവിന്റെ ഗുണവിശേഷണങ്ങളിൽ പരമപ്രധാനമായിട്ടുള്ളത് റഹ്മത്ത് എന്നതാണ്. സ്നേഹം, കാരുണ്യം, ദയ, അനുഗ്രഹം തുടങ്ങിയ ആശയങ്ങളുടെ സാകല്യമാണ് ഈ പദം. അതൊരു കിട്ടാക്കനിയല്ല. ഇഹലോകത്ത് ഇസ്‌ലാമിന്റെ ശത്രുക്കൾക്കുപോലും ആ കാര്യണ്യത്തിന്റെ തൂവൽസ്പർശമുണ്ടാവും. എന്നാൽ പരലോകത്ത് അത് ലഭിക്കണമെങ്കിൽ ഇഹലോകത്ത് അല്ലാഹുവിന്റെ ഇഷ്ട ദാസനായി ജീവിക്കണം.

വിശ്വാസികൾക്ക് അല്ലാഹുവിന്റെ സവിശേഷ കാരുണ്യം പെയ്തിറങ്ങുന്ന കാലമാണല്ലോ റമദാൻ. പ്രവർത്തനങ്ങൾക്ക് കണക്കില്ലാത്ത പ്രതിഫലം ലഭിക്കുന്നത് ആ കാരുണ്യത്തിന്റെയും ഔദാര്യത്തിന്റെയും ഫലമായിട്ടാണ്. അതിനാൽ ഈ സുവർണാവസരം നാം കൈവിട്ടാൽ പിന്നീട് ഖേദിക്കേണ്ടി വരും. അതേസമയം സ്വർഗത്തിൽ പ്രവേശിച്ചുകഴിഞ്ഞാൽ നമ്മുടെ കർമങ്ങൾക്കനുസൃതമായിട്ടായിരിക്കും നമ്മുടെ പദവികൾ നിശ്ചയിക്കപ്പെടുക. ഇസ്‌ലാമിന് വേണ്ടി ജീവൻ വരെ ത്യജിച്ചവരും അല്ലാത്തവരും ഒരുപോലെയാവുക നീതിയല്ലല്ലോ.

ജീവിതത്തിൽ അല്ലാഹുവിന് അർഹമായ സ്ഥാനം നൽകുകയും അല്ലാഹുവിന്റെ അധികാരാവകാശങ്ങൾ ഹൃദ്യമായി മറ്റാർക്കും വകവെച്ച് കൊടുക്കാതിരിക്കുകയും എന്റെ ജീവിതവും മരണവുമെല്ലാം അല്ലാഹുവിനാണെന്നും അല്ലാഹുവിന് വഴിപ്പെട്ട് മാത്രമേ ഞാൻ ജീവിക്കൂ എന്നുമുള്ള നമസ്കാരത്തിലെ പ്രതിജ്ഞകൾ അന്വർഥമാക്കുകയും ചെയ്താലേ സ്വർഗലബ്ധിക്ക് യോഗ്യനാക്കുന്ന ദിവ്യകാരുണ്യത്തിനും ഔദാര്യത്തിനും നാം അർഹരാവുകയുള്ളൂ. അത്തരക്കാരുടെ മുന്നിലാണ് സ്വർഗീയ കവാടങ്ങൾ തുറക്കപ്പെടുന്നത്. ■

ctabudarr@gmail.com